# Malayala Manorama
# 30 August 2018
# Thiruvananthapuram; ExtremeYear Due to Flood,KSEB

## പ്രളയകാരണം അതിവർഷം:കെഎസ്ഇബി

**അധികജലത്തിന്റെ ഒരു ഭാഗം മാത്രമാണു ഡാമുകൾ തുറന്നപ്പോൾ പുറത്തേക്കു വിട്ടതെന്നും വിശദീകരണം**

**മനോരമ ലേഖകൻ**

തിരുവനന്തപുരം● മുന്നറിയിപ്പ് ഇല്ലാതെ ഡാം തുറന്നതാണു പ്രളയകാരണമെന്ന പ്രചാരണം ശരിയല്ലെന്നു വൈദ്യുതി ബോർഡ്. കാലവർഷം സാധാരണ തോതിലായിരിക്കുമെന്നായിരുന്നു കാലാവസ്ഥാ പ്രവചനം. അതിതീവ്രമഴ പ്രവചിച്ചിരുന്നില്ല. എന്നാൽ, ജൂലൈ മുതൽ ശക്തമായ മഴ ലഭിച്ചു. എല്ലാ ചെറുകിട ജലവൈദ്യുത നിലയങ്ങളും പൂർണശേഷിയിൽ പ്രവർത്തിപ്പിച്ചു. ചെറിയ ഡാമുകൾ ജൂലൈയിൽ തുറന്നു. മൂലമറ്റം, ശബരിഗിരി, ഇടമലയാർ എന്നിവിടങ്ങളിൽ ഉൽപാദനം വർധിപ്പിച്ചു. ഇടുക്കി, പമ്പ, കക്കി, ഇടമലയാർ ഡാമുകൾ തുറക്കുന്നതിനുള്ള മുന്നറിയിപ്പ് നൽകാനുള്ള ജലനിരപ്പു തീരുമാനിക്കുകയും തുറക്കാൻ ഡാം സേഫ്റ്റി ചീഫ് എൻജിനീയറെ ചുമതലപ്പെടുത്തുകയും ചെയ്തു.

ഇതനുസരിച്ച് അലർട്ടുകൾ പുറപ്പെടുവിച്ചു. കക്കിയിൽ ജൂലൈ 24നു ബ്ലൂ അലർട്ടും ഓഗസ്റ്റ് മൂന്നിന് ഓറഞ്ച് അലർട്ടും എട്ടിന് റെഡ് അലർട്ടും നൽകി. പമ്പയിൽ ജൂലൈ 17നു ബ്ലൂ അലർട്ടും 26ന് ഓറഞ്ച് അലർട്ടും നൽകിയെങ്കിലും മഴ കുറഞ്ഞതിനാൽ ഓറഞ്ച് അലർട്ട് 30നു പിൻവലിച്ചു. മഴ ശക്തിപ്പെട്ടതോടെ ഓഗസ്റ്റ് ഒൻപതിനു വീണ്ടും ഓറഞ്ച് അലർട്ട് പുറപ്പെടുവിച്ചു. അന്നുതന്നെ റെഡ് അലർട്ടും വേണ്ടിവന്നു. ഇടുക്കിയിൽ ജൂലൈ 26നു ബ്ലൂ അലർട്ടും 30ന് ഓറഞ്ച് അലർട്ടും ഓഗസ്റ്റ് ഒൻപതിനു റെഡ് അലർട്ടും നൽകി. ഇടമലയാറിലാകട്ടെ ജൂലൈ 25ന് ബ്ലൂ, ഓഗസ്റ്റ് ഒന്നിന് ഓറഞ്ച്, എട്ടിനു റെഡ് എന്നിങ്ങനെ നൽകി. ഒരു ഡാമും രാത്രി തുറന്നിട്ടില്ല.

ബാണാസുരസാഗർ ഡാം മണ്ണു കൊണ്ടു നിർമിച്ചതായതിനാൽ അലർട്ട് കൊടുത്തു കാത്തിരിക്കാൻ നിർവാഹമില്ല. അവിടെ ജൂലൈ 14 മുതൽ ഓഗസ്റ്റ് അഞ്ചുവരെ വെള്ളം തുറന്നുവിട്ടിരുന്നു. ഓഗസ്റ്റ് ആറിന് അതിശക്തമായ മഴ ആരംഭിച്ചതിനാൽ ഏഴിനു വീണ്ടും തുറക്കേണ്ടി വന്നു. ഇക്കാര്യം ജില്ലാ ഭരണാധികാരികളെ അറിയിച്ചിരുന്നു.

വൻ മഴയെ തുടർന്ന് അധികജലത്തിന്റെ ഒരുഭാഗം മാത്രമാണു ഡാമുകൾ തുറന്നപ്പോൾ പുറത്തേക്കുവിട്ടത്. ഡാമുകൾ ഇല്ലായിരുന്നുവെങ്കിൽ ഈ അധികജലം മുഴുവനും സമതലങ്ങളിലേക്കു പ്രവഹിക്കുമായിരുന്നു. ഇടമലയാറിലേക്കു വെള്ളം തിരിച്ചുവിടുന്ന വാച്ച്മരം ഗേറ്റ് അടക്കാത്തതാണ് ഇടമലയാർ നിറയാൻ ഇടയാക്കിയതെന്ന ആരോപണം ശരിയല്ല.

## 10,000 രൂപ അക്കൗണ്ടിലെത്തിയില്ല; ഉടനെത്തുമെന്നു സർക്കാർ

**വിതരണം തഹസിൽദാർമാർ വഴി ബാങ്ക് അക്കൗണ്ടിലേക്ക്**

**മനോരമ ലേഖകൻ**

തിരുവനന്തപുരം● ക്യാംപിൽ കഴിഞ്ഞിരു

ഖ്യാപിച്ച 10,000 രൂപ ഇനിയും കൈമാറാൻ കഴിഞ്ഞില്ല. ഇന്നോ നാളെയോ ബാങ്ക് അക്കൗണ്ടുകളിൽ പണം നിക്ഷേപിക്കാനാകുമെന്നാണു സർക്കാർ വിശദീകരണം. ദുരിതബാധിതർക്കു കൈമാറാൻ 14 കലക്ടർമാരുടെയും അക്കൗണ്ടിലേക്ക് ആകെ 242.72 കോടി രൂപ ധനവകുപ്പ് നിക്ഷേപിച്ചു. ഏറ്റവും കൂടുതൽ തുക എറണാകുളം കലക്ടർക്കാണ്- 98 കോടി. ആലപ്പുഴ കലക്ടർ

കോടി രൂപയും കൈമാറി.

കലക്ടർമാർ താലൂക്ക് തലത്തിൽ വിതരണം ചെയ്യുന്നതിനായി തഹസിൽദാർമാരുടെ ട്രഷറി അക്കൗണ്ടിലേക്കു മാറ്റിത്തുടങ്ങി. താലൂക്ക് തലത്തിൽ ദുരിതബാധിതരുടെ അക്കൗണ്ട് വിവരങ്ങൾ ക്രോഡീകരിക്കൽ പൂർത്തിയാകാത്തതിനാലാണു വിതരണം വൈകുന്നത്. ബാങ്ക് വിവരങ്ങൾ സൂക്ഷ്മതയോടെ രേഖപ്പെടുത്തേണ്ടതിനാലാണു താ